കീഴിലുള്ള വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയും പ്രതിജ്ഞാബദ്ധമാണ്. അഴിമതി നിർമ്മാർജ്ജനം ചെയ്യാൻ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഒട്ടനവധി നടപടികൾ പ്രാവർത്തികമാക്കിയിട്ടുണ്ട്. ടോൾ ഫ്രീ നമ്പർ, ലൈറ്റ്നിംഗ് സ്ക്വാഡ്, യു.ട്യൂബ്, ട്വിറ്റർ, വാട്ടസ് അപ്പ്, ഫേസ്ബുക്ക് എന്നീ സംവിധാനങ്ങളിൽ കൂടി നേരിട്ടു ഹാജരായി പരാതി നൽകാതെ തന്നെ, ഏതൊരു പൗരനും അഴിമതിയുണ്ടായാൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അറിവിൽ കൊണ്ടുവരാവുന്നതാണ്. ഇതിനുപുറമേ ഗ്രാമങ്ങളിലും പട്ടണങ്ങളിലും ജനപങ്കാളിത്തത്തോടുകൂടി അഴിമതി തടയാനുള്ള സംരംഭത്തിന്റെ ഭാഗമായി 'വിജിലന്റ് കേരള' എന്ന പദ്ധതിക്കും രൂപം നൽകിയിട്ടുണ്ട്.

(ബി) ഹൈക്കോടതിയോ കീഴ്ക്കോടതികളോ ആവശ്യപ്പെട്ടപ്രകാരം അഴിമതിക്കേസ്സുകളിൽ സർക്കാരിലുള്ളവരുമായി ബന്ധപ്പെട്ട് വീണ്ടും വിജിലൻസിന് അന്വേഷണം നടത്തേണ്ടി വന്നിട്ടില്ല.

(സി) വി.സി. 06/2014/എസ്.ഐ.യു,I,

വി.സി.02/2013/കെ.എൻ.ആർ.,

വി.സി.02/2012/സി.ആർ.ഇ,

വി.സി.10/2013/ കെ.കെ.ഡി,

വി.സി.01/2013/എസ്.സി.കെ,

വി.സി.05/2010/എസ്.ഐ.യുI എന്നീ കേസുകൾ തുടരന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്.

(ഡി) പാമോലിൻ ഇറക്കുമതി അഴിമതി സംബന്ധിച്ച വി.സി.01/2009/ എസ്.സി.റ്റി നമ്പർ വിജിലൻസ് കേസ് 13-9-2013 തീയതിയിലെ ജി.ഒ. (ആർ.റ്റി) 145/2013/ വി.ജി. നമ്പർ ഉത്തരവു പ്രകാരം പിൻവലിക്കാൻ സർക്കാർ ഉത്തരവായെങ്കിലും തൃശ്ശൂർ വിജിലൻസ് കോടതി 10-1-2014-ലെ ഉത്തരവു പ്രകാരം നിരാകരിച്ചു.

(ഇ) ഈ സർക്കാർ പിൻവലിക്കാൻ തീരുമാനിച്ച വിജിലൻസ് കേസുകൾ അനുബന്ധമായി ചേർക്കുന്നു.*

ധനകാര്യ-പൊതുഭരണ വകുപ്പുകളുടെ ലയനം

6 (1737) <u>ശ്രീ. എം. പി. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിനെ പൂർണ്ണമായും ഇ-ഓഫീസ് ആക്കുമോ ;

(ബി) ധനകാര്യ-പൊതുഭരണ വകുപ്പുകൾ ലയിപ്പിക്കുന്നത് പരിഗണിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES, Kerala Legislative Assembly

ഉത്തരം

(എ) ഇ-ഓഫീസ് ഘട്ടം ഘട്ടമായാണ് നടപ്പിലാക്കുന്നത്. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് നടപ്പാക്കുവാനാണ് പദ്ധതിയിട്ടിരിക്കുന്നത്. സെക്രട്ടേറിയറ്റിൽ നിലവിൽ 33 വകുപ്പുകളിൽ ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ള വകുപ്പുകളിൽ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) പരിഗണനയിലില്ല.

തൊഴിൽ പരിശീലന പദ്ധതി

7 (1738) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുന്നോക്ക സമുദായ വികസന കോർപ്പറേഷൻ തൊഴിൽ പരിശീലന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) കേരള സംസ്ഥാന മുന്നോക്ക സമുദായ ക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പാക്കുന്ന നൈപുണ്യ സമുന്നതി പദ്ധതിയുടെ കീഴിൽ തൊഴിൽ നൈപുണ്യ പരിശീലനവും പ്ലേയ്സ്മെന്റും എന്ന സ്കീം നടപ്പിലാക്കിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം കേരള സർക്കാർ സ്ഥാപനമായ കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസുമായി ചേർന്നാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

(ബി) തൊഴിൽ രഹിതരായ യുവജനങ്ങളുടെ തൊഴിൽപരമായ അഭിരുചി കണ്ടെത്തി അവർക്ക് നൈപുണ്യ പരിശീലനം നൽകി പ്ലേയ്സ്മെന്റ് നൽകുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly